LIBRARY ARCHIVES Kerala Legislative Assembly

ത്രീസ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം

172 (2410) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രീ സ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ സംസ്ഥാനത്തിന് വിൽപന നികുതി ഇനത്തിലും എക്സൈസ് നികുതി ഇനത്തിലും പ്രതിവർഷം എത്ര മാത്രം വരുമാന കുറവുണ്ടാകുമെന്നു വ്യക്തമാക്കുമോ ?

(ബി) വരുമാനത്തിലുണ്ടാകുന്ന ഈ കുറവ് പരിഹരിക്കുന്നതിന് ധനവകുപ്പ് കണ്ടെത്തിയിട്ടുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ നികുതി നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത നികുതി നിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്ന അധിക വിഭവ സമാഹരണം എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടെ വരുമാനക്കുറവ് എക്സൈസ് വകുപ്പിനുണ്ടാകും. കൂടാതെ ടി ബാർ ലൈസൻസുകളിൽ നിന്നും പിഴ ഇനത്തിൽ ലഭിച്ചിരിക്കുന്ന വരുമാനവും ബാറുകളിലെ മദ്യവില്പനയിലൂടെയും മദ്യത്തിൽ നിന്നുള്ള എക്സൈസ് ഡ്യൂട്ടിയിനത്തിൽ ലഭ്യമാകുന്ന വരുമാനവും നഷ്ടമാകും. വില്പന നികുതിയിനത്തിലെ കുറവ് കണക്കാക്കിയിട്ടില്ല.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

നികുതിയിനത്തിലെ വരുമാനവും പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശികയും സംബന്ധിച്ച വിവരം

173 (2411) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം സെയിൽസ് ടാക്സ്, വാല്യൂ ആഡഡ് ടാക്സ് എന്നിവ മുഖേന ബഡ്ജറ്റിൽ ലക്ഷ്യമിട്ട ആകെ തുക എത്ര; ഇതിനകം എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട്; ഇതേ കാലയളവിൽ മുൻവർഷം ലഭിച്ച വരുമാനം എത്രയായിരുന്നു; സ്വാഭാവിക വർദ്ധന എത്ര ശതമാനം ; ബഡ്ജറ്റിൽ പ്രതീക്ഷിച്ച സ്വാഭാവിക വർദ്ധന യഥാർത്ഥത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനം നടപ്പാക്കിയ ടാക്സ് റവന്യൂവിൽ (പ്രിൻസിപ്പൽ ടാക്സസ്) പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലാത്ത ആകെ തുക എത്രയാണ് ; മേജർ ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(സി) 2005-ലെ കേരള ഫിസിക്കൽ സ്പോൺസർസിബിലിറ്റി റൂൾസ് 7 പ്രകാരമുള്ള ഫോം ബി 5-ൽ ഏറ്റവും ഒടുവിലത്തെ കണക്കുകൾ 2014-15-ലെ ബഡ്ജറ്റിന് അടിസ്ഥാനമാക്കി ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം സെയിൽടാക്സ്, വാല്യൂ ആഡഡ് ടാക്സ് എന്നിവ മുഖേന ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുക 31913.47 കോടി രൂപയാണ്. ഇതിനകം 30-11-2014 വരെ 17631.47 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ഇതേ കാലയളവിൽ മുൻവർഷം ലഭിച്ച വരുമാനം 15888.36 കോടി രൂപയായിരുന്നു. കൈവരിച്ച വർദ്ധന 11 ശതമാനമാണ്. ബഡ്ജറ്റിൽ പ്രതീക്ഷിച്ച വർദ്ധന ഉണ്ടായിട്ടില്ല. ഇതിനുള്ള കാരണങ്ങൾ അനുബന്ധം അയി ചേർക്കുന്നു.*

(ബി) 31-3-2014-ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വകുപ്പിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക 6565.84 കോടി രൂപയാണ്. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ഇനം	കുടിശ്ശിക (തുക കോടിയിൽ)
സെയിൽടാക്സ്	4184.33
വാല്യൂ ആഡഡ് ടാക്സ്	2332.16
അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്	49.35

(സി) 'ബഡ്ജറ്റ് ഇൻ ബ്രീഫിൽ ഉൾപ്പെടുത്തിയ 'ബി 5' സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.* എന്നാൽ 2012-13 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ വിവിധ ഇനങ്ങളിലായി പിരിച്ചെടുക്കാനുള്ള തുക 25608.04 കോടി രൂപ എന്നാണ് വാണിജ്യ നികുതി വകുപ്പ് അറിയിച്ചിരിക്കുന്നത്. പിരിഞ്ഞു കിട്ടുവാനുള്ള നികുതി കുടിശ്ശിക സംബന്ധിച്ച വിഷയം പുനഃപരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ 6713.91 കോടി രൂപ മാത്രമാണ് പിരിച്ചെടുക്കാനുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച് ആവശ്യമായ തിരുത്ത് വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly